II ഇ.ബി. XIV-കേരള നിയമസഭ /II-1

# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2016 സെപ്റ്റംബർ 26, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2016 സെപ്റ്റംബർ മാസം 26-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു)

1 (*1 ) രാഷ്ട്രീയ കൊലപാതകങ്ങൾ സംബന്ധിച്ച ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണ്ടെത്തൽ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, രാഷ്ട്രീയ കൊലപാതകങ്ങളുടെ കാര്യത്തിൽ സംസ്ഥാനത്തിന് മൂന്നാം സ്ഥാനമാണെന്ന

ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിലേയ്ക്ക് നയിച്ച വസ്തുതകളെ സംബന്ധിച്ച് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലെന്നും ഈ സാഹചര്യം നേരിടുന്നതിനായി സംസ്ഥാന പോലീസും രഹസ്യാന്വേഷണ വിഭാഗവും പരസ്പരം സഹകരിച്ചുപ്രവർത്തിക്കുന്നതിനുപുറമെ കുറ്റകൃത്യം ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണ സംവിധാനങ്ങൾ വിപുലപ്പെടുത്തിക്കൊണ്ട് ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. രാഷ്ട്രീയ കൊലപാതകമെന്നു മാത്രമല്ല ഏതുതരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെയും കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും കുറ്റവാളികൾക്ക് യാതൊരുവിധ സംരക്ഷണവും നൽകുന്നതല്ലെന്നും കൊലപാതകം നടത്തുന്നതിന് പരിശീലനം നൽകുന്ന സംഘടനകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2 ) <u>ആരോഗ്യരംഗം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) നൽകിയ മറുപടിയിൽ, ആരോഗ്യ രംഗത്തിന് മാർഗ്ഗരേഖയായി യുണൈറ്റഡ് നേഷൻസിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ (sustainable development goals) അടിസ്ഥാനത്തിൽ മാതൃ-ശിശു ആരോഗ്യം, പകർച്ചവ്യാധി നിയന്ത്രണം,

ജീവിതശൈലി രോഗങ്ങൾ, ട്രോമ കെയർ, മാനസികാരോഗ്യം തുടങ്ങിയ മേഖലകളിൽ വിദഗ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചതായി സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ ശക്തിപ്പെടുത്തി സമഗ്ര ആരോഗ്യ പരിചരണം (Comprehensive Primary Health Care) ലഭ്യമാക്കാനും വയനാട് അടക്കമുള്ള പട്ടികവർഗ്ഗ മേഖലകളിൽ സ്ഥിതിചെയ്യുന്ന ആശുപത്രികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു മാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആരോഗ്യരംഗത്ത് കേരളം 2020-2030-യോടെ ആർജിക്കേണ്ട ലക്ഷ്യങ്ങൾ തിട്ടപ്പെടുത്തി സംസ്ഥാന ആരോഗ്യനയം തയ്യാറാക്കുന്നതിനായി ഡോ. ബി. ഇക്ബാൽ ചെയർമാനായി ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും ഒഴിവുകൾ നികത്തുന്നതിനും പ്രൊമോഷനുകൾ സമയബന്ധിതമായി നടത്തുന്നതിനും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി രംഗത്ത് മാനവവിഭവശേഷി ലഭ്യമാക്കുന്നതിനായി ആലപ്പുഴ മെഡിക്കൽ കോളേജിൽ നെഫ്രോളജിയിലും, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എൻഡോക്രൈനോളജിയിലും സൂപ്പർ സ്പെഷ്യാലിറ്റി കോഴ്സുകൾ ആരംഭിക്കുകയും ആരോഗ്യ വിദ്യാഭ്യാസരംഗം ശക്തിപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിലും അടിസ്ഥാന സൗകര്യ

വികസനത്തിനും രോഗീപരിചരണത്തിനും ഉന്നത നിലവാരത്തിലുള്ള സേവനം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നതായി മന്ത്രി വ്യക്തമാക്കി. ആരോഗ്യവകുപ്പിലെ വിവിധ പ്ലാൻ സ്കീമുകളുടെ ഭാഗമായി കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, ബ്ലഡ് ബാങ്കുകൾ, ഡെന്റൽ യൂണിറ്റുകൾ, ഫിസിക്കൽ മെഡിസിൻ യൂണിറ്റുകൾ, പബ്ലിക് ഹെൽത്ത് ലാബുകൾ, De-addiction സെന്ററുകൾ എന്നിവ ആരംഭിക്കുന്നതിനും മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനും മെഡിക്കൽ റിക്കാർഡ് വിഭാഗം ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ആയുർവേദം, ഭാരതീയ ചികിത്സ, ഹോമിയോപ്പതി എന്നീ വകുപ്പുകൾ വഴി വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ സ്കീമുകൾ വഴിയും മാതൃ-ശിശു ആരോഗ്യസംരക്ഷണത്തിന് ഊന്നൽ നൽകി ദേശീയ ആരോഗ്യ മിഷൻ മുഖേനയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നതായും ആലപ്പുഴ ഡെന്റൽ കോളേജിൽ കമ്മ്യൂണിറ്റി ഡെന്റിസ്ട്രി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ആധുനിക സൗകര്യങ്ങളുള്ള മൊബൈൽ ഡെന്റൽ ക്ലിനിക്കിന് വാഹനം വാങ്ങാനുള്ള ഭരണാനുമതി നൽകിയതായും മന്ത്രി വ്യക്തമാക്കി. തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ടെന്നും മാരകരോഗം ബാധിച്ചവർക്ക് മുഖ്യമന്ത്രിയുടെ

ചികിത്സാസഹായ നിധിയിൽനിന്ന് സഹായം നൽകുന്നുണ്ടെന്നും സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമെന്നും കാസർകോഡ് വയനാട് ജില്ലകളിൽ നിയമിക്കപ്പെടുന്ന ഡോക്ടർമാർ ചുമതലയേൽക്കാത്ത സാഹചര്യത്തിൽ കർശന നിബന്ധനകൾ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും നിലവിലുള്ള അഞ്ച് മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതായും ഫറോക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുന്നതിനും തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോബാൾട്ട് മെഷീൻ നന്നാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും പത്തനാപുരം സി.എച്ച്.സി. താലൂക്കാശുപത്രിയായി ഉയർത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3(*3&*18) <u>ആരോഗ്യ വിദ്യാഭ്യാസ രംഗത്തെ സ്വാശ്രയ മേഖല</u>

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ് കോഴ്സിന്റെ ഫീസ് ഘടന നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചതിന്റെ ഫലമായി 23 സ്വാശ്രയ മാനേജ്മെന്റുകളിൽ 20 എണ്ണം സർക്കാരുമായി ധാരണയിലെത്തിയതിനാൽ ഗവൺമെന്റ് മെരിറ്റ് സീറ്റുകളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ

പ്രവേശിപ്പിക്കാൻ സാധിച്ചതായി സഭയെ അറിയിച്ചു. 2015-16-ൽ 1650 സീറ്റുകളിലും 2016-17-ൽ 2250 സീറ്റുകളിലുമാണ് ഗവൺമെന്റുമായി കരാറിലെത്തിയത്. ഇതിൽ 1100 മെരിറ്റ് സീറ്റുകൾ ഗവൺമെന്റിന് ലഭ്യമായി. ബി.പി.എൽ./എസ്.ഇ.ബി.സി. സീറ്റുകളിലും വർദ്ധനവുണ്ടായിട്ടുണ്ട്. 50% മെരിറ്റ് സീറ്റിൽ 20% കുട്ടികൾക്ക് ഫീസിളവുള്ളതിൽ 6% ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരും ബാക്കി എസ്.ഇ.ബി.സി.യുമാണ്. ഈ വർഷം മുതൽ 50% മാനേജ്മെന്റ് സീറ്റുകളിൽ നീറ്റിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം നൽകുന്നത്. വിദ്യാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷയിന്മേൽ മാനേജ്മെന്റുകൾ നീറ്റ് സ്കോറിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റ് പ്രകാരം വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതാണെന്നും ഇത്തവണ മെരിറ്റ് മാത്രമാണ് മാനദണ്ഡമെന്നും മെരിറ്റിൽ അഡ്മിഷൻ കിട്ടുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്ന തരത്തിൽ ഒരു കരാറിലും ഏർപ്പെട്ടിട്ടില്ലെന്നും മെറിറ്റിൽ അഡ്മിഷൻ ലഭിച്ചവർക്ക് സ്കോളർഷിപ്പ് നൽകുന്ന കാര്യം തത്കാലം പരിഗണനയിലില്ലെന്നും മന്ത്രി വ്യക്തമാക്കി. മെഡിക്കൽ സീറ്റുകളിൽ നീറ്റിൽ നിന്ന് പ്രവേശനം നടത്തണമെന്ന സുപ്രീംകോടതി വിധിയും കേന്ദ്രഗവൺമെന്റ് തീരുമാനവും വന്നപ്പോൾ മാനേജ്മെന്റിന്റെ 50% മെരിറ്റ് സീറ്റുകളിലും, ഗവൺമെന്റ് കോളേജുകളിലും കേരള

എൻട്രൻസ് ലിസ്റ്റിൽനിന്ന് നിയമനം നടത്താൻ അനുവാദം നൽകണമെന്ന് സംസ്ഥാന സർക്കാർ സുപ്രീംകോടതിയോടാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള എൻട്രൻസ് ലിസ്റ്റിൽനിന്നും അഡ്മിഷൻ നൽകാൻ ഓർഡിനൻസിൽത്തന്നെ സുപ്രീംകോടതി അനുവാദം നൽകിയിട്ടുണ്ടെന്നും തലവരിപ്പണം ആരെങ്കിലും വാങ്ങിയിട്ടുണ്ടെങ്കിൽ അവരുടെമേൽ ശക്തമായ നടപടിയുണ്ടാകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 281 വരെയുള്ള ചോദ്യങ്ങളിൽ 88 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി)